# അനുബന്ധം 1.1
## തെരഞ്ഞെടുത്ത യുഎൽബികളുടെ ലിസ്റ്റ്
*(സൂചിക: ഖണ്ഡിക 1.5)*

**കോർപ്പറേഷനുകൾ**

1. തിരുവനന്തപുരം കോർപ്പറേഷൻ
2. കൊച്ചി കോർപ്പറേഷൻ
3. കോഴിക്കോട് കോർപ്പറേഷൻ

**മുനിസിപ്പാലിറ്റികൾ**

1. നെടുമങ്ങാട്
2. കായംകുളം
3. ഹരിപ്പാട്
4. പന്തളം
5. തിരുവല്ല
6. പത്തനംതിട്ട
7. കട്ടപ്പന
8. ആലുവ
9. ഇരിഞ്ഞാലക്കുട
10. വടക്കാഞ്ചേരി
11. പൊന്നാനി
12. ഒറ്റപ്പാലം
13. ചെർപ്പുളശ്ശേരി
14. കൽപ്പറ്റ
15. കൊടുവള്ളി
16. പാനൂർ
17. മട്ടന്നൂർ
18. നീലേശ്വരം

## അനുബന്ധം 2.1
## 74-ാം ഭേദഗതിനിയമവുമായുള്ള സംസ്ഥാനതല നിയമനിർമ്മാണങ്ങളുടെ താരതമ്യം

*(സൂചിക: ഖണ്ഡികകൾ 2.2, 2.5)*

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | നിരീക്ഷണം |
|---|---|---|---|
| അനുച്ഛേദം 243 ക്യൂ | **മുനിസിപ്പാലിറ്റികളുടെ രൂപീകരണം:** ചെറിയ നഗരപ്രദേശത്തിന് ഒരു മുനിസിപ്പൽ കൗൺസിൽ, പരിവർത്തന പ്രദേശത്തിന് ഒരു നഗര പഞ്ചായത്ത്, വലിയ നഗരപ്രദേശത്തിന് മുനിസിപ്പൽ കോർപ്പറേഷൻ എന്നിങ്ങനെ മൂന്ന് തരത്തിലുള്ള നഗരസഭകളുടെ രൂപീകരണത്തിന് ഇത് വ്യവസ്ഥ ചെയ്യുന്നു. | **വകുപ്പ് 4 - മുനിസിപ്പാലിറ്റികളുടെ രൂപീകരണവും പരിവർത്തനവും മാറ്റവും** | പരിവർത്തന പ്രദേശത്തിനായി നഗര പഞ്ചായത്തിനും ചെറിയ നഗര പ്രദേശത്തിന് മുനിസിപ്പൽ കൗൺസിലിനും വലിയ നഗരപ്രദേശത്തിന് മുനിസിപ്പൽ കോർപ്പറേഷനും വ്യവസ്ഥ ചെയ്യുന്നു. എന്നിരുന്നാലും, സംസ്ഥാനത്ത് നഗര പഞ്ചായത്തുകൾ വിജ്ഞാപനം ചെയ്തതായി/ രൂപീകരിച്ചതായി കണ്ടില്ല. |
| അനുച്ഛേദം 243 ആർ | **മുനിസിപ്പാലിറ്റികളുടെ ഘടന:** ഒരു മുനിസിപ്പാലിറ്റിയിലെ എല്ലാ സീറ്റുകളും നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെയും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക പരിജ്ഞാനമുള്ള വ്യക്തികളാലും നികത്തപ്പെടേണ്ടതാണ്. ഒരു സംസ്ഥാനത്തെ നിയമസഭയ്ക്ക് നിയമം വഴി, മുനിസിപ്പൽ പ്രദേശം മുഴുവനായോ ഭാഗികമായോ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും മുനിസിപ്പൽ പ്രദേശത്തിനകത്ത് സമ്മതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ള രാജ്യസഭാംഗങ്ങൾക്കും സംസ്ഥാനത്തെ നിയമസമിതിയിലെ അംഗങ്ങൾക്കും മുനിസിപ്പാലിറ്റിയിലേക്ക് പ്രാതിനിധ്യം നൽകാവുന്നതാണ്. | **വകുപ്പ് 6 - കൗൺസിലിന്റെ രൂപീകരണം** | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മുനിസിപ്പൽ ഭരണത്തിൽ പ്രത്യേക പരിജ്ഞാനമുള്ള വ്യക്തികൾക്കും മുനിസിപ്പൽ പ്രദേശം മുഴുവനായോ ഭാഗികമായോ ഉൾപ്പെടുന്ന നിയോജകമണ്ഡലങ്ങളെ പ്രതിനിധാനം ചെയ്യുന്ന പാർലമെന്റംഗങ്ങൾക്കും നിയമസഭാംഗങ്ങൾക്കും മുനിസിപ്പൽ പ്രദേശത്തിനകത്ത് സമ്മതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ള രാജ്യസഭാംഗങ്ങൾക്കും സംസ്ഥാനത്തെ നിയമസഭാംഗങ്ങൾക്കും പ്രാതിനിധ്യം നൽകിയിട്ടില്ല. |

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | നിരീക്ഷണം |
|---|---|---|---|
| അനുച്ഛേദം 243 എസ് | **വാർഡ് കമ്മിറ്റിയുടെ രൂപീകരണവും ഘടനയും:** മൂന്നു ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള എല്ലാ മുനിസിപ്പാലിറ്റികളിലും വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. | **വകുപ്പ് 42 - വാർഡ് കമ്മിറ്റികളുടെ രൂപീകരണം** ജനസംഖ്യ ഒരു ലക്ഷം കവിയുന്ന ഓരോ മുനിസിപ്പാലിറ്റിയിലും, അതിന്റെ രൂപീകരണ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ വകുപ്പ് 43-ൽ നൽകിയിരിക്കുന്ന പ്രകാരം ആ മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിനും ഒരു വാർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. | മൂന്ന് ലക്ഷത്തിന് പകരം, ഒരു ലക്ഷത്തിലധികം ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| അനുച്ഛേദം 243 ടി | **സീറ്റുകളുടെ സംവരണം:** പട്ടികജാതി/പട്ടികവർഗ്ഗാക്കാർക്കും വനിതകൾക്കും സീറ്റുകൾ സംവരണം ചെയ്യേണ്ടതാണ്.[59] | **വകുപ്പ് 6(5) മുതൽ (8) - കൗൺസിലിന്റെ രൂപീകരണം** പട്ടികജാതി/പട്ടിക വർഗക്കാർക്കും സ്ത്രീകൾക്കും സീറ്റ് സംവരണത്തിനുള്ള വ്യവസ്ഥ വ്യക്തമാക്കി. | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 യു | **മുനിസിപ്പാലിറ്റികളുടെ കാലാവധി:** മുനസിപ്പാലിറ്റിക്ക് അതിന്റെ ആദ്യ യോഗം ചേരുന്ന തീയതി മുതൽ അഞ്ച് വർഷത്തെ നിശ്ചിത കാലാവധിയുണ്ട്. കാലാവധി അവസാനിച്ച് ആറ് മാസത്തിനുള്ളിൽ വീണ്ടും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. | **വകുപ്പ് 7- മുനിസിപ്പാലിറ്റികളുടെ കാലാവധിയും ഒഴിവുകൾ നികത്തലും** | ഉൾപ്പെടുത്തിയിട്ടുണ്ട് |

[59] ഇരുപതോ അതിൽ കുറവോ അനുവദിക്കപ്പെട്ട അംഗബലമുള്ള ഓരോ മുനിസിപ്പൽ കൗൺസിലിലും, വനിതകൾക്കായുള്ള സംവരണം ചെയ്യപ്പെടുന്നതിന്റെ എണ്ണം ഒന്നായിരിക്കുകയും ഇരുപതിൽ കൂടുതൽ അനുവദിക്കപ്പെട്ട അംഗബലമുള്ള മുനിസിപ്പൽ കൗൺസിലുകളിൽ, അത്തരം സംവരണങ്ങളുടെ എണ്ണം രണ്ടായിരിക്കുകയും വേണമെന്ന് കെ.എം ആക്ട് 1960 വിഭാവനം ചെയ്തിരുന്നു.

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്റ്റ്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 വി | **അംഗത്വത്തിനുള്ള അയോഗ്യതകൾ** : താഴെപ്പറയുന്ന സന്ദർഭങ്ങളിൽ മുനിസിപ്പാലിറ്റി അംഗമാകുന്നതിൽ നിന്നും ഒരു വ്യക്തിയെ അയോഗ്യനാക്കാം<br>• ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആവശ്യങ്ങൾക്കായി തൽസമയം പ്രാബല്യത്തിൽ വരുന്ന ഏതെങ്കിലും നിയമം വഴിയോ അല്ലെങ്കിൽ അതിനു കീഴിലോ അയോഗ്യനാക്കപ്പെടുന്ന പക്ഷം<br>• സംസ്ഥാനത്തെ നിയമസഭ ഉണ്ടാക്കിയ ഏതെങ്കിലും നിയമം വഴിയോ അതിനു കീഴിലോ അയോഗ്യനാക്കപ്പെടുന്ന പക്ഷം | **വകുപ്പ് 91 - കൗൺസിലർമാരുടെ അയോഗ്യത** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഡബ്ല്യൂ | **മുനിസിപ്പാലിറ്റികളുടെ അധികാരങ്ങളും അധികാരശക്തിയും ഉത്തരവാദിത്തങ്ങളും:**<br>എല്ലാ മുനിസിപ്പാലിറ്റികൾക്കും ഫലപ്രദമായി സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങളും അധികാരശക്തിയും നൽകുന്നതാണ്. പന്ത്രണ്ടാം ഷെഡ്യൂളുമായി ബന്ധപ്പെട്ട ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ അവരെ പ്രാപ്തരാക്കുന്നതിന് അത്തരം അധികാരങ്ങളും അധികാരശക്തിയും സംസ്ഥാന സർക്കാർ ഏൽപ്പിക്കുന്നതാണ്. | **വകുപ്പ് 5 (2) - മുനിസിപ്പാലിറ്റിയുടെ ഏകാംഗീകരണവും ഭരണവും**<br>ഓരോ മുനിസിപ്പാലിറ്റിയും, ഈ നിയമത്തിന് അല്ലെങ്കിൽ തൽസമയം നിലവിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിന് കീഴിലോ അല്ലെങ്കിൽ വ്യവസ്ഥ ചെയ്യുന്നതോ ആയ അത്തരം അധികാരങ്ങൾ പ്രയോഗിക്കുകയും അത്തരം കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ഉത്തരവാദിത്വങ്ങളും അധികാരശക്തിയും ഉണ്ടായിരിക്കുന്നതുമാണ്. | നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും അധികാരശക്തിയും പന്ത്രണ്ടാം ഷെഡ്യൂളുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കിയിട്ടില്ല. |

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 എക്സ് | **മുനിസിപ്പാലിറ്റികൾക്ക് നികുതി ചുമത്താനുള്ള അധികാരവും ഫണ്ടുകളും:**<br>• മുനിസിപ്പാലിറ്റികൾക്ക് നികുതി, ഫീസ്, തീരുവ തുടങ്ങിയവ ഈടാക്കാനും പിരിക്കാനും അധികാരം നൽകും.<br>• സംസ്ഥാനത്ത് നിന്ന് മുനിസിപ്പാലിറ്റികൾക്ക് ഗ്രാന്റ്-ഇൻ-എയ്ഡ് നൽകും<br>• മുനിസിപ്പാലിറ്റിക്ക് പണം ക്രെഡിറ്റ് ചെയ്യുന്നതിനും പിൻവലിക്കുന്നതിനുമുള്ള ഫണ്ടുകളുടെ രൂപീകരണം | **വകുപ്പ് 230 - നികുതികളും തീരുവകളും ഇനം തിരിച്ച് പറയൽ**<br><br>**വകുപ്പ് 279 - സർക്കാരിന്റെ നിർദ്ദേശത്തിന്മേൽ നികുതി ചുമത്തൽ**<br><br>**വകുപ്പ് 283 - മുനിസിപ്പൽ ഫണ്ട്** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 വൈ<br><br>അനുച്ഛേദം 243 ഐ യോടൊപ്പം ചേർത്ത് വായിക്കുക | **ധനകാര്യ കമ്മീഷൻ:**<br>• മുനിസിപ്പാലിറ്റികളുടെ സാമ്പത്തികനില അവലോകനം ചെയ്യുകയും മുനിസിപ്പൽ സ്ഥാപനങ്ങളുടെ സാമ്പത്തിക നില ഉയർത്താൻ സഹായിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതിന്<br>• സംസ്ഥാന ഗവൺമെന്റ് ഈടാക്കുന്ന നികുതികൾ, ഫീസ്, ടോളുകൾ, ഡ്യൂട്ടികൾ എന്നിവയുടെ മൊത്തം വരുമാനം സംസ്ഥാനത്തിനും മുനിസിപ്പാലിറ്റികൾക്കും ഇടയിൽ വീതിക്കുന്നതിന്<br>• സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് സംസ്ഥാനത്തെ മുനിസിപ്പൽ സ്ഥാപനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിന്;<br>സംസ്ഥാന സർക്കാർ ധനകാര്യ കമ്മീഷൻ രൂപീകരിക്കേണ്ടതാണ് | **വകുപ്പ് 205 - ധനകാര്യ കമ്മീഷൻ**<br>**വകുപ്പ് 206 - ധനകാര്യ കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് | **മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ്:**<br>മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകളുടെ പരിപാലനത്തിനും അത്തരം അക്കൗണ്ടുകളുടെ ഓഡിറ്റിംഗിനും വ്യവസ്ഥ ചെയ്യുന്നു. | **വകുപ്പ് 295 - അക്കൗണ്ടുകളും ഓഡിറ്റും** | ഉൾപ്പെടുത്തിയിട്ടുണ്ട് |

## അനുബന്ധം 2.1 (തുടരുന്നു...)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 ഇസഡ് എ<br><br>അനുച്ഛേദം 243 കെ യോടൊപ്പം ചേർത്ത് വായിക്കുക | **മുനിസിപ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പ്:**<br><br>മുനിസിപ്പാലിറ്റികളുടെ തെരഞ്ഞെടുപ്പിന്റെ എല്ലാ നടപടിക്രമങ്ങളുടെയും മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ (എസ്.ഇ.സി) നിക്ഷിപ്ത മായിരിക്കും | വകുപ്പ് 68 -<br><br>**മുനിസിപ്പാലിറ്റി കളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് ബി | **കേന്ദ്രഭരണപ്രദേശങ്ങൾക്കുള്ള ബാധകത:** ഈ ഭാഗത്തിലെ വ്യവസ്ഥകൾ കേന്ദ്രഭരണ പ്രദേശങ്ങൾക്ക് ബാധകമായിരിക്കും | | കെ.എം ആക്ടിൽ വ്യവസ്ഥകളൊന്നും നൽകിയിട്ടില്ല |
| അനുച്ഛേദം 243 ഇസഡ് സി | **ഈ ഭാഗം ചില പ്രദേശങ്ങളിൽ ബാധകമല്ല:** ചില പട്ടിക പ്രദേശങ്ങൾക്കും ഗോത്രവർഗ്ഗപ്രദേശങ്ങൾക്കും ഭാഗം ബാധകമല്ല | | കെ.എം ആക്ടിൽ വ്യവസ്ഥകളൊന്നും നൽകിയിട്ടില്ല |
| അനുച്ഛേദം 243 ഇസഡ് ഡി | **ജില്ലാ ആസൂത്രണത്തിനുള്ള സമിതി**<br>• ജില്ലാതലത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ രൂപീകരണം<br>• ജില്ലാ ആസൂത്രണ സമിതിയുടെ ഘടന<br>• കരട് വികസന പദ്ധതി തയ്യാറാക്കി സർക്കാരിന് കൈമാറുക | **വിഭാഗം 53 - ജില്ലാ ആസൂത്രണ സമിതി** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് ഇ | **വൻനഗര ആസൂത്രണത്തിനുള്ള കമ്മിറ്റി:** 10 ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള (അനുച്ഛേദം 243 പി യിൽ നിർവചിച്ചിരിക്കുന്നത് പ്രകാരം) ഓരോ വൻനഗര പ്രദേശത്തും ഒരു വൻനഗര ആസൂത്ര സമിതി (എം.പി.സി) രൂപീ കരിക്കുന്നതിനുള്ള വ്യവസ്ഥ | വകുപ്പ് 54 - **വൻനഗര ആസൂത്രണ സമിതി**<br>(1) ഒരു വൻനഗര പ്രദേശത്തിന് മുഴുവനായി ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിന് ഗസറ്റ് വിജ്ഞാപനം വഴി പ്രദേശത്തിന് ഒരു വൻനഗര ആസൂത്രണ കമ്മിറ്റി സർക്കാർ രൂപീകരിക്കേണ്ടതാണ് | കെ.എം ആക്ടിൽ വൻനഗര പ്രദേശം നിർവചിട്ടില്ല. എന്നിരുന്നാലും, ജനസംഖ്യ 10 ലക്ഷമോ അതിൽ കൂടുതലോ എന്ന് വ്യക്തമാക്കാതെ, വൻനഗര പ്രദേശത്ത് വൻനഗര ആസൂത്രണസമിതി രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## അനുബന്ധം 2.1 (അവസാനിച്ചു.)

| ഇന്ത്യൻ ഭരണ ഘടനയുടെ വ്യവസ്ഥ | ഇന്ത്യൻ ഭരണഘടനയുടെ വ്യവസ്ഥ പ്രകാരമുള്ള ആവശ്യകത | സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥ (കേരള മുനിസിപ്പാലിറ്റി ആക്ട്, 1994) | പരാമർശം |
|---|---|---|---|
| അനുച്ഛേദം 243 ഇസഡ് എഫ് | **നിലവിലുള്ള നിയമങ്ങളുടെയും മുനിസിപ്പാലിറ്റികളുടെയും തുടർച്ച:** ഈ ഭാഗത്തിൽ എന്തു തന്നെയായിരുന്നാലും 1992-ലെ ഭരണഘടന (എഴുപത്തിനാലാം ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ്, മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് ഒരു സംസ്ഥാനത്ത് പ്രാബല്യത്തിലിരുന്നതും, ഈ ഭാഗത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായതുമായ, ഏതെങ്കിലും നിയമത്തിന്റെ, ഏതു വ്യവസ്ഥയും ക്ഷമതയുള്ള നിയമനിർമ്മാണമണ്ഡലമോ ക്ഷമതയുള്ള മറ്റ് അധികാരസ്ഥാനമോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതുവരെയോ അങ്ങനെയുള്ള പ്രാരംഭം മുതൽ ഒരു വർഷം അവസാനിക്കുന്നതുവരെയോ, ഇവയിലേതാണോ ആദ്യം സംഭവിക്കുന്നത് അതുവരെ, പ്രാബല്യത്തിൽ തുടരുന്നതാണ്. | **വകുപ്പ് 575 - റദ്ദാക്കലും ഒഴിവാക്കലും** | ഉൾപ്പെടുത്തിയിട്ടുണ്ട് |
| അനുച്ഛേദം 243 ഇസഡ് ജി | **തെരഞ്ഞെടുപ്പ് വിഷയങ്ങളിൽ കോടതികളുടെ ഇടപെലിന് വിലക്ക്:** (എ) നിയോജക മണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയിക്കലോ അങ്ങനെയുള്ള നിയോജക മണ്ഡലങ്ങൾക്ക് സീറ്റുകൾ നല്കുന്നതോ സംബന്ധിച്ച് 243 ഇസഡ് എ അനുച്ഛേദത്തിൻ കീഴിൽ ഉണ്ടാക്കിയതായി കരുതപ്പെടുന്നതോ ആയ ഏതു നിയമത്തിന്റെയും, സാധുത യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടാവുന്നതല്ല.<br>(ബി) ഏതെങ്കിലും മുനിസിപ്പാലിറ്റിയിലേക്കുള്ള യാതൊരു തെരഞ്ഞെടുപ്പും ഒരു സംസ്ഥാനത്തിന്റെ നിയമസഭ ഉണ്ടാക്കിയ ഏതെങ്കിലും നിയമത്താലോ അതിൽ കീഴിലോ വ്യവസ്ഥ ചെയ്യപ്പെടുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനു മുമ്പാകെയും അങ്ങനെയുള്ള രീതിയിലും ബോധിപ്പിക്കപ്പെട്ട ഒരു ഹർജി മുഖാന്തരമല്ലാതെ ചോദ്യം ചെയ്യപ്പെടാവുന്നതല്ല. | **സെക്ഷൻ 70 - അതിർത്തിനിർണ്ണത്തിന്റെയും മറ്റും സാധുത സെക്ഷൻ 163 - തെരഞ്ഞെടുപ്പ് ഹർജികൾ** | ഉൾപ്പെടുത്തിയിട്ടുണ്ട് |

*(സ്രോതസ്സ് :74-ാം ഭരണഘടനാ ഭേദഗതി നിയമം, കെ.എം.ആക്ട്, 1994)*

## അനുബന്ധം 2.2
## പ്രവർത്തന മാപ്പിംഗ്
*(സൂചിക: ഖണ്ഡിക 2.3)*

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം. ആക്ടിൽ ഉൾപ്പെട്ടത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 1. | ടൗൺ പ്ലാനിംഗ് നഗരാസൂത്രണം | വിശദമായ നഗരാസൂത്രണത്തിന്റെയും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള കർമപദ്ധതിയുടെയും തയ്യാറാക്കൽ (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• മാസ്റ്റർ പ്ലാനും വിശദമായ ടൗൺപ്ലാനിംഗ് പദ്ധതിയും യുഎൽബികൾ തയ്യാറാക്കുകയോ തയ്യാറാക്കിപ്പിക്കുകയോ ചെയ്യേണ്ടതാണ്.<br>• മാസ്റ്റർ പ്ലാനും വിശദമായ നഗരാസൂത്രണ സ്കീമും തയ്യാറാക്കുന്നതിനും നഗരഗ്രാമാസൂത്രണ വകുപ്പിനെ കൊണ്ട് അവ തയ്യാറാക്കിപ്പിക്കുന്നതിനും യുഎൽബികൾ പ്രമേയം പാസാക്കി. |
| 2. | ഭൂവിനിയോഗത്തിന്റെയും കെട്ടിടങ്ങളുടെ നിർമ്മാണത്തിന്റെയും എന്നിവയുടെ നിയന്ത്രണം | കെട്ടിട നിർമ്മാണം നിയന്ത്രിക്കൽ (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• കെ.എം. ആക്ടിന്റെ ഒന്നാം പട്ടികയിൽ ഭൂവിനിയോഗ നിയന്ത്രണം ഒരു ചുമതലയായി പരാമർശിച്ചിട്ടില്ല. എന്നിരുന്നാലും, കെ.എം. ആക്ടിലെ 381-ാം വകുപ്പ് ഭൂവിനിയോഗം നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.<br>• മാസ്റ്റർ പ്ലാനും വിശദമായ ടൗൺ പ്ലാനിംഗ് പദ്ധതികളും നഗരഗ്രാമാസൂത്രണ വകുപ്പാണ് തയ്യാറാക്കുന്നത്. |
| 3. | സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനുള്ള ആസൂത്രണം | വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുക (ബി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• പദ്ധതി രൂപീകരണവും സർക്കാർ പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങളും അടിസ്ഥാനമാക്കി എല്ലാ വർഷവും മുനിസിപ്പാലിറ്റികൾ വികസന പദ്ധതികൾ തയ്യാറാക്കുന്നു.<br>• കൈമാറ്റം ചെയ്ത വകുപ്പുകളും പദ്ധതി നിർവ്വഹണത്തിൽ പങ്കുചേരുന്നു. വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ പദ്ധതികളുടെ നിരവ്വഹണകരങ്ങളായി യുഎൽബികൾ പ്രവർത്തിക്കുന്നു. |
| 4. | റോഡുകളും പാലങ്ങളും | റോഡുകളുടെയും മറ്റ് പൊതുമുതലുകളുടെയും പരിപാലനം (എ) മുനിസിപ്പാലിറ്റിക്കുള്ളിലെ ദേശീയ പാതകളും, സംസ്ഥാന പാതകളും പ്രധാന ജില്ലാറോഡുകളും ഒഴികെയുള്ള റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക (സി) കാൽനടയാത്രക്കാർക്ക് നടപ്പാതയും റോഡ് മുറിച്ചുകടക്കുന്നതിനുള്ള സൗകര്യവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ (എ) | **യുഎൽബികൾക്ക് പൂർണ്ണമായ അധികാരം** |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ട ത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 5. | ഗാർഹിക വ്യാവസായിക വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലവിതരണം | അതത് മുനിസിപ്പൽ അതിർത്തിക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക (സി)<br>അതത് മുനിസിപ്പാലിറ്റിക്കുള്ളിൽ ജലവിതരണ പദ്ധതികൾ സംവിധാനപ്പെടുത്തുക (സി)<br>പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം (എ)<br>കുളങ്ങളുടെയും മറ്റ് ജലസംഭരണികളുടെയും സംരക്ഷണം (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• കേരള വാട്ടർ അതോറിറ്റിയാണ് പ്രധാന പങ്ക് വഹിക്കുന്നത്. യുഎൽബിയിലെ പദ്ധതിരഹിത പ്രദേശങ്ങൾക്കായി വിതരണ പൈപ്പ് ലൈൻ വിപുലീകരണ പ്രവർത്തനങ്ങൾ ഡെപ്പോസിറ്റ് വർക്കുകളായി കെഡബ്ല്യൂഎ ക്രമീകരിക്കുന്നു.<br>• പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെ പരിപാലനവും കുളങ്ങളുടെയും ജലസംഭരണികളുടെയും സംരക്ഷണവും യുഎൽബികൾ ഏറ്റെടുക്കുന്നു. |
| 6. | പൊതുജനാരോഗ്യം, ശുചിത്വ സംരക്ഷണം, ഖരമാലിന്യ സംസ്കരണം | എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന ഡിസ്പെൻസറികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ എന്നിവ പ്രവർത്തിപ്പിക്കുക (സി)<br>ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃ സംരക്ഷണ ഭവനങ്ങളും നടത്തുക (സി)<br>രോഗവിമുക്തിയും മറ്റ് പ്രതിരോധ നടപടികളും നടപ്പാക്കുക (സി)<br>കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക (സി)<br>രോഗപ്രതിരോധ നടപടികൾ സ്വീകരിക്കുക (എ)<br>രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ദേശീയ സംസ്ഥാന തലനയങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കൽ (എ) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• പ്രവർത്തന നിർവ്വഹണത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഏർപ്പെട്ടിരിക്കുന്നു. മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും യുഎൽബികളെ ഏൽപ്പിക്കുന്നു.<br>• തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ (എച്ച്.എം.സി) മുഖേന ആശുപത്രി പ്രവർത്തനങ്ങളിൽ പരിമിതമായ നിയന്ത്രണം ചെലുത്തുന്നു.<br>• എല്ലാ ചികിത്സാസമ്പ്രദായങ്ങൾക്കും കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങൾ കൂടാതെ ശിശുക്ഷേമ കേന്ദ്രങ്ങൾ, മാതൃസംരക്ഷണ കേന്ദ്രങ്ങൾ, കുടുംബക്ഷേമ പരിപാടികൾ നടത്തുക മുതലായ ചുമതലകൾ നിർവ്വഹിക്കുന്നത് കുടുംബക്ഷേമ വകുപ്പാണ്.<br>• പ്രതിരോധ കുത്തിവയ്പുകളും രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നയങ്ങളും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പരിധിയിലാണ്. |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ട ത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| | | ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക (സി)<br>ഖരമാലിന്യങ്ങളുടെ ശേഖരണവും നിർമ്മാർജനവും ദ്രവമാലിന്യം നീക്കം ചെയ്യുന്നതിന്റെ ക്രമീകരണവും (എ)<br>പരിസ്ഥിതി ശുചിത്വപരിപാലനം (എ) | • ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ശുചിത്വ മിഷൻ ഭരണപരവും സാങ്കേതികവുമായ പിന്തുണ നൽകുന്നു.<br>• ശുചിത്വ മിഷൻ വഴി കേന്ദ്രസംസ്ഥാന ഫണ്ടുകൾ യുഎൽബികൾക്ക് ലഭ്യമാക്കുന്നു.<br>• ശുചിത്വ മിഷൻ മഴക്കാല പൂർവ ശുചീകരണത്തിനായി വാർഡ് ശുചിത്വ സമിതികൾക്ക് ഫണ്ട് നൽകുന്നു.<br>• ദ്രവമാലിന്യ നിർമ്മാർജനം കെഡബ്ല്യുഎ / വകുപ്പ് നടത്തുന്നു. യുഎൽബികൾ ഖരമാലിന്യങ്ങളുടെ ശേഖരണവും സംസ്കരണവും നടത്തുന്നു.<br>• പരിസ്ഥിതി ശുചിത്വ പരിപാലനം യുഎൽബികളുടെ അനിവാര്യ ചുമതലയാണ്. താത്കാലിക ശുചീകരണ ജീവനക്കാരെ വെച്ച് യുഎൽബികൾ പൊതു ചന്തകളും തെരുവുകളും വൃത്തിയാക്കുന്നു.<br>• യുഎൽബികൾ ഖരമാലിന്യ സംസ്കരണത്തിനായുള്ള വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. |
| | | പൊതു-ചന്തകൾ പരിപാലിക്കുക | • യുഎൽബികൾ നിയന്ത്രിക്കുന്നു |
| 7. | അഗ്നിശമന സേവനങ്ങൾ | | **കൈമാറ്റം ചെയ്തിട്ടില്ല.** |
| 8. | നഗര വനവൽക്കരണം, പരിസ്ഥിതി സംരക്ഷണം, പാരിസ്ഥിതിക വശങ്ങളുടെ പ്രോത്സാഹനം | കാലിത്തീറ്റയ്ക്കോ വിറകിനോ വേണ്ടിയുള്ള വൃക്ഷങ്ങളും ഫലവൃക്ഷങ്ങളും വളർത്തുക (സി)<br>മരങ്ങൾ നടുന്നതിനും പരിസ്ഥിതി ബോധവൽക്കരണത്തിനുമായി ക്യാമ്പയിൻ സംഘടിപ്പിക്കുക (സി)<br>പാഴ്ഭൂമിയിലെ വനവൽക്കരണം (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>കാലിത്തീറ്റ, വിറക് മുതലായവയ്ക്കായി മരങ്ങൾ വളർത്തുന്നതിലും വനവൽക്കരണത്തിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിലും വനം വകുപ്പ് ഏർപ്പെട്ടിരിക്കുന്നു. |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം. ആക്ടിൽ ഉൾപ്പെട്ട ത്തിയിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 9. | വികാലംഗരും ബുദ്ധിമാന്ദ്യമുള്ളവരും ഉൾപ്പെടുന്ന സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുക | അംഗൻവാടികൾ പ്രവർത്തിപ്പിക്കുക (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• യുഎൽബികൾ അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നു<br>• ഐസിഡിഎസ് ഓഫീസറാണ് പോഷകാഹാര പരിപാടികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ.<br>• പോഷകാഹാര പരിപാടികൾക്കുള്ള കേന്ദ്രഫണ്ടിന്റെ 50 ശതമാനവും ലഭ്യമാക്കുന്നത് വനിതാ ശിശു വികസന വകുപ്പിലൂടെയാണ്. |
| | | അഗതികൾ, വിധവകൾ, വികലാംഗർ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് പെൻഷൻ അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക(സി) | • അഗതികൾ, വിധവകൾ, ഭിന്നശേഷിക്കാർ, കർഷകത്തോഴിലാളികൾ എന്നിവർക്കുള്ള പെൻഷൻ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും യുഎൽബികളാണ്<br>• മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള ഫണ്ട് സർക്കാർ നൽകുന്നു |
| | | തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക (സി) | • തൊഴിലില്ലായ്മ വേതനം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും യുഎൽബികൾ ആണ്<br>• മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള ഫണ്ട് സർക്കാർ നൽകുന്നു |
| | | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുക (സി) | • യുഎൽബികളും പട്ടികജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസനവകുപ്പും അനുവദിക്കുന്ന സാമ്പത്തിക സഹായം |
| | | വികലാംഗർ, അഗതികൾ മുതലായവരുടെ ക്ഷേമത്തിനായി സ്ഥാപനങ്ങൾ ആരംഭിക്കുക (സി) | • സാമൂഹികനീതി വകുപ്പ് വികലാംഗർ, അഗതികൾ മുതലായവരുടെ ക്ഷേമത്തിനായി സ്ഥാപനങ്ങൾ നടത്തുന്നു. |
| | | ഭവനരഹിതരെയും പുറമ്പോക്ക് നിവാസികളെയും തിരിച്ചറിയുകയും വീടും സ്ഥലവും നൽകുകയും ചെയ്യുക (സി)<br>പ്രത്യേക ഘടക പദ്ധതിയുടെയും (എസ്.സി.പി) ഗോത്രവർഗ്ഗ ഉപ പദ്ധതിയുടെയും (ടി.എസ്.പി) കീഴിൽ ഗുണഭോക്താധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുക (സി) | • പ്രത്യേക ഘടക പദ്ധതി (എസ്.സി.പി) ഗോത്രവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി) എന്നിവയ്ക്ക് കീഴിൽ യുഎൽബി ഗുണഭോക്താധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കുന്നു |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം. ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| | | പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിന് വാസകേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക (സി)<br>പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക (സി)<br>സഹായം അർഹിക്കുന്ന പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും വിവേചനപൂർവ്വം സഹായം നൽകുക (സി) | • വാസകേന്ദ്രങ്ങളിൽ യുഎൽബികൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നു.<br>• യുഎൽബികളും എസ്.സി / എസ്.ടി വികസന വകുപ്പും എസ്.സി / എസ്.ടി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുന്നു |
| | | മുനിസിപ്പൽ പ്രദേശത്ത് നഴ്സറി സ്കൂളുകൾ, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, എസ് സി/എസ് ടി ക്ക് പ്രീ-മെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, സഹകരണസംഘങ്ങൾ എന്നിവ നടത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക (സി) | • പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ് നഴ്സറി സ്കൂളുകൾ, തൊഴിലധിഷ്ഠിത പരിശീലനങ്ങൾ കേന്ദ്രങ്ങൾ, പ്രീമെട്രിക് പോസ്റ്റ്–മെട്രിക് ഹോസ്റ്റലുകൾ തുടങ്ങിയവ നടത്തുന്നു. |
| | | ഭവനനിർമ്മാണ പദ്ധതികൾ, അഭയകേന്ദ്രങ്ങളുടെ ഉദ്ധാരണ പരിപാടികൾ, ചെലവ് കുറഞ്ഞ ഭവന നിർമ്മാണം, ഭവന സമുച്ചയത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളുടെയും വികസനം മുതലായവ നടപ്പിലാക്കുക (സി)<br>ഭവന നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് സ്വരൂപിക്കുക (സി) | • പദ്ധതി നടപ്പിലാക്കുന്നതിനായി യുഎൽബികൾ, ഫണ്ട് സ്വരൂപിക്കുന്നു<br>• യുഎൽബികൾ ഭവനനിർമ്മാണ വകുപ്പ്, പട്ടികജാതി / പട്ടികവർഗ്ഗ, ഫിഷറീസ് വകുപ്പുകൾ ഭവന പദ്ധതികൾ നടപ്പിലാക്കുന്നു. കുടുംബശ്രീയും നിർവ്വഹണത്തിൽ പങ്ക് വഹിക്കുന്നു. |
| 10. | ചേരി മെച്ചപ്പെടുത്തലും നവീകരണവും | ചേരിപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം**<br>കുടുംബശ്രീ വഴി നടപ്പാക്കൽ |

## അനുബന്ധം 2.2 (തുടരുന്നു...)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 11. | നഗര ദാരിദ്ര്യ നിർമ്മാർജനം | ദരിദ്രരെ കണ്ടെത്തുക (സി)<br>പാവപ്പെട്ടവർക്കായി പ്രത്യേകിച്ച് സ്ത്രീകൾക്ക്, സ്വയം തൊഴിൽ ഗ്രൂപ്പ് പദ്ധതികൾ നടപ്പിലാക്കുക (സി)<br>ദരിദ്രർക്ക് തുടർച്ചയായ പ്രയോജനം ലഭിക്കുന്നതിന് സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക (സി)<br>ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ സ്വയം തൊഴിൽ ചെയ്യുന്നതിനും പ്രതിഫലം ലഭിക്കുന്ന തൊഴിലിനുമുള്ള കഴിവുകൾ വികസിപ്പിക്കുക (സി)<br>സ്വയം പദ്ധതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക (സി) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം**<br>• വാർഡ് കമ്മിറ്റികൾ/വാർഡ് സഭകൾ വഴി വികസനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ പങ്കാളിത്തത്തിലൂടെ യുഎൽബികൾ ഏർപ്പെടുന്നു.<br>• യുഎൽബികൾക്ക് നൽകുന്ന ഗ്രാന്റുകൾ ഉപയോഗിച്ച് പ്ലാൻ സ്കീമുകൾ നടപ്പിലാക്കുക.<br>• എൻഎച്ച്ജി/എസ്എച്ച്ജികൾ വഴി കുടുംബശ്രീ പദ്ധതികൾ നടപ്പിലാക്കുന്നു. യുഎൽബികൾ ആസ്തികൾ സൃഷ്ടിക്കുന്നു. |
| 12. | പാർക്കുകൾ, പൂന്തോട്ടങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങിയ നാഗരിക സൗകര്യങ്ങൾ ലഭ്യമാക്കുക | കളിസ്ഥലങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുക (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• സ്മാർട്ട് സിറ്റി മിഷനും അമൃത് മിഷനും നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്നു. |
| | | വാഹനങ്ങൾക്ക് പാർക്കിംഗ് സ്ഥലം നൽകൽ (എ)<br>യാത്രക്കാർക്കുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മാണം (എ)<br>പൊതു സ്ഥലങ്ങളിൽ ടോയ്ലറ്റ് സൗകര്യങ്ങളും കളിസ്ഥലങ്ങളും ഒരുക്കുക (എ) | പൊതു സ്ഥലങ്ങളിൽ പാർക്കിംഗ് സ്ഥലങ്ങൾ, വെയിറ്റിംഗ് ഷെഡുകൾ, ടോയ്ലറ്റ് സൗകര്യങ്ങൾ, കളിസ്ഥലങ്ങൾ എന്നിവ യുഎൽബികൾ ഏർപ്പെടുത്തുന്നു. |
| 13. | സാംസ്കാരികവും വിദ്യാഭ്യാസപരവും സൗന്ദര്യാത്മകവുമായ വശങ്ങളുടെ പ്രോത്സാഹനം | മേളകളുടെയും ഉത്സവങ്ങളുടെയും നടത്തിപ്പ് ക്രമീകരിക്കുക (എ)<br>മുനിസിപ്പൽ പ്രദേശത്ത് സർക്കാർ പ്രീ-പ്രൈമറി, പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളുകൾ, സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾ, സർക്കാർ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ, ഗവൺമെന്റ് ടെക്നിക്കൽ സ്കൂളുകൾ, സർക്കാർ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ, പോളിടെക്നിക്കുകൾ എന്നിവ നടത്തുക (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• വിദ്യാഭ്യാസ വകുപ്പും ടൂറിസം വകുപ്പും ഏർപ്പെടുന്നു<br>• പ്രീ-പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ, ഹൈസ്കൂളുകൾ എന്നിവ മാത്രമേ സ്കീമുകൾ നടപ്പിലാക്കാൻ ഉദ്യോഗസ്ഥരുള്ള തദ്ദേശ സ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ടിട്ടുള്ളൂ<br>• സർവ ശിക്ഷാ അഭിയാൻ (എസ്.എസ്.എ) സമഗ്രശിക്ഷകേരള (എസ്.എസ്.കെ) പദ്ധതികൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്നു.<br>• യുഎൽബികൾ ടോയ്ലറ്റുകൾ നൽകുകയും സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുക്കുകയും ഫർണിച്ചർ നൽകൽ, അധ്യാപക പരിശീലനം മുതലായ വിവിധ ഇനങ്ങൾക്കായി എസ്എസ്എ വരുത്തുന്ന ചെലവിന്റെ 40 ശതമാനം വിഹിതം സംഭാവന നൽകുകയും ചെയ്യുന്നു. |

## അനുബന്ധം 2.2 (അവസാനിച്ചു.)

| ക്രമ നമ്പർ | 74-ാം ഭേദഗതി പ്രകാരമുള്ള ചുമതലകൾ | കെ.എം. ആക്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുമതലകൾ അനിവാര്യം (എ), പൊതുവായത് (ബി), മേഖലാടിസ്ഥാനത്തിലുള്ളത് / കൈമാറിയത് (സി) | ചുമതലകളുടെ നിർവ്വഹണത്തിൽ യുഎൽബികളുടെ പങ്കിനെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ |
|---|---|---|---|
| 14. | ശവസംസ്കാരങ്ങളും ശ്മശാനങ്ങളും ശവദാഹങ്ങളും ശവദാഹഭൂമിയും വൈദ്യുതശ്മശാനങ്ങളും | ശ്മശാനങ്ങളുടെയും ശവദാഹഭൂമികളുടെയും സ്ഥാപനവും പരിപാലനവും (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |
| 15. | കന്നുകാലി പൗണ്ടുകൾ, മൃഗങ്ങളോടുള്ള ക്രൂരത തടയൽ | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും തെരുവ് നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക (എ)<br>മൃഗങ്ങളോടുള്ള ക്രൂരത തടയൽ (സി) | **യുഎൽബികൾക്ക് പരിമിതമായ പങ്ക്**<br>• വളർത്തു നായ്ക്കൾക്ക് മൃഗസംരക്ഷണ വകുപ്പ് ലൈസൻസ് നൽകുന്നു. തെരുവ് നായ്ക്കളുടെ നിയന്ത്രണവും മൃഗങ്ങളോടുള്ള ക്രൂരത തടയലും വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. |
| 16. | ജനന മരണ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സുപ്രധാന സ്ഥിതി വിവരക്കണക്കുകൾ | ജനന മരണ രജിസ്ട്രേഷൻ (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |
| 17. | തെരുവ് വിളക്കുകൾ, പാർക്കിംഗ് സ്ഥലങ്ങൾ, ബസ് സ്റ്റോപ്പുകൾ, മുതലായ പൊതു സൗകര്യങ്ങൾ | തെരുവ് വിളക്കുകൾ കത്തിക്കലും അവയുടെ പരിപാലനവും (എ)<br>വാഹനങ്ങൾക്ക് പാർക്കിംഗ് സ്ഥലങ്ങൾ ഏർപ്പെടുത്തുക (എ)<br>യാത്രക്കാർക്കുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മാണം, പൊതു സ്ഥലങ്ങളിൽ ടോയ് ലറ്റ് സൗകര്യങ്ങളും കുളിസ്ഥലങ്ങളും ഒരുക്കുക (എ)<br>കുളിക്കടവുകളും അലക്കുകടവുകളും സ്ഥാപിക്കുക (എ)<br>കടത്തുകൾ ഏർപ്പെടുത്തുക (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |
| 18. | കശാപ്പ് ശാലകളും തോൽപ്പണിശാലകളുടെയും നിയന്ത്രണം | മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന്റെയും മാംസം, മത്സ്യം, മറ്റ് എളുപ്പത്തിൽ കേടാകുന്ന ഭക്ഷ്യ വസ്തുക്കൾ എന്നിവയുടെ വിൽപ്പനയുടെയും ക്രമീകരണം (എ) | **യുഎൽബികൾക്ക് പൂർണ്ണ അധികാരം** |

*(സ്രോതസ്സ് : 74-ാം ഭരണഘടനാ ഭേദഗതി നിയമം, സർക്കാർ ഉത്തരവുകൾ)*

# അനുബന്ധം 2.3
## കൗൺസിലർമാരുടെ എണ്ണത്തിൽ സംസ്ഥാന വ്യാപകമായ കുറവ്
*(സൂചിക: ഖണ്ഡിക 2.5.1)*

| ക്രമ നമ്പർ | ജില്ല | യുഎൽബി | ജനസംഖ്യ | ആവശ്യമായ കൗൺസിലർമാരുടെ എണ്ണം | കൗൺസിലർമാരുടെ യഥാർത്ഥ എണ്ണം | കുറവ് | |
|---|---|---|---|---|---|---|---|
| **കോർപ്പറേഷൻ** | | | | | | | **കോർപ്പറേഷൻ:** പരമാവധി നൂറ് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ നാല് ലക്ഷം ജനസംഖ്യക്ക് അമ്പത്തിയഞ്ച് കൗൺസിലർമാരും നാല് ലക്ഷം കവിയുന്ന ഓരോ പതിനായിരം ജനസംഖ്യക്കും ഓരോന്ന് വീതവും |
| 1 | എറണാകുളം | കൊച്ചി | 602046 | 75 | 74 | 1 | |
| **മുനിസിപ്പാലിറ്റികൾ** | | | | | | | **മുനിസിപ്പാലിറ്റി :** പരമാവധി അമ്പത്തിരണ്ട് കൗൺസിലർമാർ എന്നതിന് വിധേയമായി ആദ്യത്തെ ഇരുപതിനായിരം ജനസംഖ്യക്ക് ഇരുപത്തിയഞ്ച് കൗൺസിലർമാരും ഇരുപതിനായിരം കവിയുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറ് ജനസംഖ്യക്കും ഓരോന്ന് വീതവും |
| 1 | എറണാകുളം | തൃപ്പൂണിത്തുറ | 92522 | 52 | 49 | 3 | |
| 2 | എറണാകുളം | കളമശ്ശേരി | 71038 | 45 | 42 | 3 | |
| 3 | എറണാകുളം | മരട് | 44704 | 34 | 33 | 1 | |
| 4 | എറണാകുളം | കോതമംഗലം | 38837 | 32 | 31 | 1 | |
| 5 | എറണാകുളം | മൂവാറ്റുപുഴ | 30397 | 29 | 28 | 1 | |
| 6 | എറണാകുളം | പിറവം | 29105 | 28 | 27 | 1 | |
| 7 | എറണാകുളം | പെരുമ്പാവൂർ | 28105 | 28 | 27 | 1 | |
| 8 | ഇടുക്കി | തൊടുപുഴ | 52025 | 37 | 35 | 2 | |
| 9 | കണ്ണൂർ | പയ്യന്നൂർ | 72311 | 45 | 44 | 1 | |
| 10 | കണ്ണൂർ | കുത്തുപറമ്പ | 32405 | 29 | 28 | 1 | |
| 11 | കാസറഗോഡ് | കാഞ്ഞങ്ങാട് | 73536 | 46 | 43 | 3 | |
| 12 | കോട്ടയം | ചങ്ങനാശ്ശേരി | 56049 | 39 | 37 | 2 | |
| 13 | കോട്ടയം | ഏറ്റുമാനൂർ | 51129 | 37 | 35 | 2 | |
| 14 | കോട്ടയം | ഈരാറ്റുപേട്ട | 34245 | 30 | 28 | 2 | |
| 15 | കോഴിക്കോട് | വടകര | 80356 | 49 | 47 | 2 | |
| 16 | കോഴിക്കോട് | കൊയിലാണ്ടി | 71929 | 45 | 44 | 1 | |
| 17 | മലപ്പുറം | മഞ്ചേരി | 97102 | 52 | 50 | 2 | |
| 18 | മലപ്പുറം | പൊന്നാനി | 90491 | 52 | 51 | 1 | |
| 19 | മലപ്പുറം | മലപ്പുറം | 68088 | 44 | 40 | 4 | |
| 20 | മലപ്പുറം | തിരൂർ | 56058 | 39 | 38 | 1 | |
| 21 | മലപ്പുറം | പെരിന്തൽമണ്ണ | 49723 | 36 | 34 | 2 | |
| 22 | മലപ്പുറം | കോട്ടക്കൽ | 48342 | 36 | 32 | 4 | |
| 23 | മലപ്പുറം | നിലമ്പൂർ | 46342 | 35 | 33 | 2 | |

## അനുബന്ധം 2.3 (അവസാനിച്ചു.)

| ക്രമ നമ്പർ | ജില്ല | യുഎൽബി | ജനസംഖ്യ | ആവശ്യമായ കൗൺസിലർമാരുടെ എണ്ണം | കൗൺസിലർമാരുടെ യഥാർത്ഥ എണ്ണം | കുറവ് | |
|---|---|---|---|---|---|---|---|
| 24 | മലപ്പുറം | വളാഞ്ചേരി | 44437 | 34 | 33 | 1 | |
| 25 | പാലക്കാട് | ഒറ്റപ്പാലം | 53792 | 38 | 36 | 2 | |
| 26 | പാലക്കാട് | ഷൊർണ്ണൂർ | 43528 | 34 | 33 | 1 | |
| 27 | പത്തനംതിട്ട | പന്തളം | 45497 | 35 | 33 | 2 | |
| 28 | തിരുവനന്തപുരം | നെയ്യാറ്റിൻകര | 70840 | 45 | 42 | 3 | |
| 29 | തിരുവനന്തപുരം | നെടുമങ്ങാട് | 60161 | 41 | 39 | 2 | |
| 30 | തൃശ്ശൂർ | കൊടുങ്ങല്ലൂർ | 71244 | 45 | 44 | 1 | |
| 31 | തൃശ്ശൂർ | ഗുരുവായൂർ | 70012 | 45 | 43 | 2 | |
| 32 | തൃശ്ശൂർ | കുന്നംകുളം | 54071 | 38 | 37 | 1 | |
| 33 | വയനാട് | കൽപ്പറ്റ | 31580 | 29 | 28 | 1 | |
| ആകെ | | | | | | 60 | |

*(സ്രോതസ്സ്: കെ.എം ആക്ട്, 1994, നഗരകാര്യ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ, മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ഔദ്യോഗിക വെബ്സൈറ്റുകൾ)*

## അനുബന്ധം 2.4
## എസ്.എഫ്.സികളുടെ രൂപീകരണത്തിലെയും റിപ്പോർട്ടുകളുടെ സമർപ്പണത്തിലെയും സമയനിഷ്ഠ

*(സൂചിക: ഖണ്ഡിക 2.5.3)*

| എസ്.എഫ്.സി | എസ്.എഫ്.സി രൂപീകരിക്കേണ്ട തീയതി | രൂപീകരിച്ച തീയതി | കാലതാമസം ദിവസങ്ങളിൽ | എസ്.എഫ്.സി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്ന തീയതി | സർക്കാർ എടുത്ത നടപടികളുടെ റിപ്പോർട്ട് സമർപ്പിക്കുന്ന തീയതി | കാലതാമസം ദിവസങ്ങളിൽ | കമ്മീഷന്റെ കാലയളവ് |
|---|---|---|---|---|---|---|---|
| ഒന്നാമത് | 1994 ഏപ്രിൽ 23 | 1994 ഏപ്രിൽ 23 | ഇല്ല | 1996 ഫെബ്രുവരി 29 | 1997 മാർച്ച് 13 | 378 | 1996-97 മുതൽ 2000-01 വരെ |
| രണ്ടാമത് | 1999 ഏപ്രിൽ 23 | 1999 ജൂൺ 23 | 61 | 2001 ജനുവരി 08 | 2004 ജനുവരി 07 | 1094 | 2001-02 മുതൽ 2005-06 വരെ |
| മൂന്നാമത് | 2004 ഏപ്രിൽ 23 | 2004 സെപ്റ്റംബർ 20 | 150 | 2005 നവംബർ 23 | 2006 ഫെബ്രുവരി 16 | 85 | 2006-07 മുതൽ 2010-11 വരെ |
| നാലാമത് | 2009 ഏപ്രിൽ 23 | 2009 സെപ്റ്റംബർ 19 | 149 | 2011 ജനുവരി 20 (ആദ്യ ഭാഗം)<br><br>2011 മാർച്ച് 31 (രണ്ടാം ഭാഗം) | 2011 ഫെബ്രുവരി 24 (ആദ്യ ഭാഗം)<br><br>2012 മാർച്ച് 22 (രണ്ടാംഭാഗം) | 35 (ആദ്യ ഭാഗം)<br><br>357 (രണ്ടാം ഭാഗം) | 2011-12 മുതൽ 2015-16 വരെ |
| അഞ്ചാമത് | 2014 ഏപ്രിൽ 23 | 2014 ഡിസംബർ 17 | 238 | 2015 ഡിസംബർ 19 (ആദ്യ ഭാഗം)<br><br>2016 മാർച്ച് 11 (രണ്ടാം ഭാഗം) | 2018 ഫെബ്രുവരി 07 (ആദ്യ ഭാഗം & രണ്ടാം ഭാഗം) | 781 (ആദ്യ ഭാഗം)<br><br>698 (രണ്ടാം ഭാഗം) | 2016-17 മുതൽ 2020-21 വരെ |

*(സ്രോതസ്സ്: എസ്.എഫ്.സി സെൽ, കേരള സർക്കാർ)*

## അനുബന്ധം 2.5

## സർക്കാർ അംഗീകരിച്ചെങ്കിലും ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത, യുഎൽബികളുടെ ശാക്തീകരണം സുഗമമാക്കുന്ന സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശുപാർശകൾ

*(സൂചിക: ഖണ്ഡിക 2.5.3)*

**i. തനതു വരുമാനവുമായി ബന്ധപ്പെട്ട ശുപാർശകൾ**

- കേബിൾ ടെലിവിഷൻ/ഡിഷ് ടിവി ഓപ്പറേറ്റർമാർ വാർഷിക ലൈസൻസ് ഫീസും വിനോദ നികുതിയും അടയ്ക്കേണ്ടത് നിർബന്ധമാക്കാവുന്നതാണ് (ഒന്നാമത്, രണ്ടാമത്, നാലാമത് എസ്.എഫ്.സികൾ).
- ഭൂമിയുടെ ഉപയോഗ വ്യതിയാന നിരക്ക് അടുത്ത കാലത്ത് സംസ്ഥാനത്ത് അനിയന്ത്രിതമായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ കാർഷികേതര ഉപയോഗത്തിനായി വികസിപ്പിച്ചിട്ടുള്ള ഭൂമിയെ വസ്തു നികുതിയുടെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള സാദ്ധ്യത സർക്കാരിന് പരിശോധിക്കാവുന്നതാണ് (നാലാമത് എസ്.എഫ്.സി).
- 1975-ലെ കേരള കെട്ടിട നികുതി നിയമ പ്രകാരം പിരിച്ചെടുക്കപ്പെടുന്ന കെട്ടിട നികുതി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് (ഒന്നാമത് എസ്.എഫ്.സി).
- 1961-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും കൃഷി ഫാമുകളിലെയും പ്രവേശനഫീസും ഹൗസ് ബോട്ട് സർവ്വീസുകളും വിനോദ നികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- ബിൽഡിംഗ് പെർമിറ്റ് ഫീസും മറ്റ് നികുതിയേതര ഇനങ്ങളുടെ നിരക്കുകളും (വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് ഒഴികെ) കുറഞ്ഞത് 50 ശതമാനം ഉയർത്തേണ്ടതാണ് (അഞ്ചാമത് എസ്.എഫ്.സി).

**ii. സ്ഥാപനപരമായ നടപടികളുമായി ബന്ധപ്പെട്ട ശുപാർശകൾ**

- മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും എഞ്ചിനീയറിംഗ് സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കേഡറിൽ എൺവയോൺമെന്റ് എഞ്ചിനീയർ, മെക്കാനിക്കൽ എഞ്ചിനീയർ, ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നീ പുതിയ തസ്തികകൾ മൂന്ന് മേഖലകളിലായി സൃഷ്ടിക്കേണ്ടതാണ് (അഞ്ചാമത് എസ്.എഫ്.സി).
- കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യം നൽകുന്നതിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ട്, വിവിധ ഗ്രേഡുകളിലുള്ള ജീവനക്കാരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള ഒരു കർമ്മ പദ്ധതി മൂന്ന് വർഷത്തിനുള്ളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) തയ്യാറാക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- മനുഷ്യവിഭവ വികസന വിഷയത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിശദാംശങ്ങളും മാതൃകകളും രൂപപ്പെടുത്തുന്നതിന് ധനകാര്യ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും മറ്റ് രണ്ട് വിദഗ്ദ്ധരും അടങ്ങുന്നതും ഒരു പ്രമുഖ വിദഗ്ദ്ധൻ നേതൃത്വം നൽകുന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഒരു മനുഷ്യവിഭവ കമ്മീഷൻ രൂപീകരിക്കാവുന്നതാണ്. ആറ് മാസത്തിനുള്ളിൽ ജോലി പൂർത്തിയാക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- അച്ചടക്ക നിയമങ്ങളും പെരുമാറ്റച്ചട്ടങ്ങളും ഉൾപ്പെടുത്തിക്കൊണ്ടും മനുഷ്യ വിഭവപരിപാലനത്തിന്റെയും പ്രവർത്തന നിലവാര നിർണ്ണയത്തിന്റെയും പൊതുവായി അംഗീകരിക്കപ്പെട്ട തന്ത്രങ്ങൾ വിശദീകരിക്കുകയും ചെയ്യുന്ന പേഴ്സണൽ മാനേജ്മെന്റ് മാനുവൽ തയ്യാറാക്കാവുന്നതാണ് (നാലാമത് എസ്.എഫ്.സി).

## അനുബന്ധം 2.5 (അവസാനിച്ചു.)

**iii. മറ്റ് ശുപാർശകൾ**

- ധനവിനിയോഗ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിന് കെഎം ആക്ടിൽ സാമ്പത്തിക ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ഒരു അധ്യായം ചേർക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- മതിയായ എണ്ണം ഉദാഹരണങ്ങൾ സഹിതം ലളിതമായ രീതിയിൽ ബഡ്ജറ്റ് നിയമങ്ങൾ വിശദമായി വിപുലീകരിക്കുകയും ധനവിനിയോഗ നിയന്ത്രണം പ്രാപ്തമാക്കുന്നതിന് വിനിയോഗത്തിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുകയും ചെയ്യുന്ന നിർദ്ദേശങ്ങൾ ഒരു ബഡ്ജറ്റ് മാനുവലിന്റെ രൂപത്തിൽ തയ്യാറാക്കേണ്ടതാണ് (നാലാമത് എസ്.എഫ്.സി).
- ജില്ലാ ആസൂത്രണ സമിതി പോലെയുള്ള നിർണായക ഭരണഘടനാ സംവിധാനത്തിന്റെ അധികാരങ്ങളിലും ചുമതലകളിലുമുള്ള വ്യക്തതക്കുറവ് പരിഹരിക്കേണ്ടതുണ്ട് (നാലാമത് എസ്.എഫ്.സി).
- പ്രാദേശിക ഭരണകൂടങ്ങളിൽ നിയുക്തമായ ചുമതലകൾ നിർവ്വഹിക്കുന്ന പാരാസ്റ്റേറ്റലുകൾ ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളും പ്രാദേശിക ഭരണകൂടങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമായി നിർവ്വചിക്കേണ്ടതുണ്ട് (നാലാമത് എസ്.എഫ്.സി).

## അനുബന്ധം 2.6
## കെ.എം ആക്റ്റിനുമേൽ സർക്കാരിനുള്ള അധികാരങ്ങൾ
*(സൂചിക: ഖണ്ഡിക 2.6)*

| ക്രമ നമ്പർ | വിഷയം | നിബന്ധന |
|---|---|---|
| 1 | ചട്ടങ്ങളുണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരം | ഈ ആക്റ്റിന്റെ ആവശ്യങ്ങൾ എല്ലാമോ ഏതെങ്കിലുമോ നിറവേറ്റുന്നതിനുവേണ്ടി ഗസറ്റ് വിജ്ഞാപനം വഴി, സർക്കാരിന് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. (കെ.എം. ആക്റ്റ്, 1994-ലെ വകുപ്പ് 565) |
| 2 | മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിനുള്ള അധികാരം | ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ധനകാര്യം, കണക്കുകൾ സൂക്ഷിക്കൽ, ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെയും സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തെരഞ്ഞെടുപ്പ്, വാർഡ് സഭകൾ, വാർഡ് കമ്മിറ്റികൾ എന്നിവയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണം എന്നീ സംഗതികളിൽ ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി മുനിസിപ്പാലിറ്റിക്ക് നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതും അത്തരം നിർദ്ദേശങ്ങൾ മുനിസിപ്പാലിറ്റി പാലിക്കേണ്ടതുമാണ്. (കെ.എം. ആക്റ്റ്, 1994-ലെ വകുപ്പ് 58) |
| 3 | മുനിസിപ്പാലിറ്റി പിരിച്ചുവിടുന്നതിന് സർക്കാരിനുള്ള അധികാരം | ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് തൊട്ടടുത്ത സാമ്പത്തിക വർഷത്തെ മുനിസിപ്പാലിറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കുന്നതിൽ കൗൺസിൽ പരാജയപ്പെടുകയും ആ കാരണത്താൽ മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുകയും ചെയ്യുകയോ അല്ലെങ്കിൽ ഭൂരിപക്ഷം കൗൺസിലർമാരും രാജിവയ്ക്കുകയോ അയോഗ്യരാക്കപ്പെടുകയോ ചെയ്യുകയാണെങ്കിൽ, സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽപ്പറയുന്ന തീയതി മുതൽ മുനിസിപ്പാലിറ്റി പിരിച്ചുവിടാവുന്നതും അതിന്റെ ഒരു പകർപ്പ് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് സർക്കാർ അയച്ചുകൊടുക്കേണ്ടതുമാണ്. (കെ.എം ആക്റ്റ്, 1994-ലെ വകുപ്പ് 64) |
| 4 | ചില പണികൾ ഏറ്റെടുക്കാൻ സർക്കാരിനുള്ള അധികാരം | സർക്കാർ, ഒരു മുനിസിപ്പാലിറ്റിയുടെ സമ്മതത്തോടുകൂടി, അതിനുവേണ്ടി ജലവിതരണത്തിന്റെയോ ഡ്രെയിനേജിന്റെയോ അഥവാ മറ്റ് പണികളുടെയോ നിർമ്മാണം ഏറ്റെടുക്കാവുന്നതും അങ്ങനെയുള്ള പണികളുടെ നിർമ്മാണം നടത്തുന്നതിനായി ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ആളെയോ നിയമിക്കാവുന്നതും അപ്രകാരമുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പളവും അലവൻസുകളും ഉൾപ്പെടെയുള്ള ചെലവ് മുനിസിപ്പൽ ഫണ്ടിൽ നിന്ന് അധികാരപ്പെട്ട വായ്പകളുടെ സേവനങ്ങൾക്കു വേണ്ടിയുള്ള ചാർജ്ജുകളൊഴികെ, മറ്റേത് ചാർജ്ജിനേക്കാളും മുൻഗണന നൽകി കൊടുക്കണമെന്ന് നിർദ്ദേശിക്കാവുന്നതുമാണ്. (കെ.എം. ആക്റ്റ്, 1994-ലെ വകുപ്പ് 62) |

## അനുബന്ധം 2.6 (അവസാനിച്ചു.)

| ക്രമ നമ്പർ | വിഷയം | നിബന്ധന |
|---|---|---|
| 5 | വസ്തു ആർജ്ജിക്കുന്നതിനും കൈയൊഴിയുന്നതിനും മുനിസിപ്പാലിറ്റിക്കുള്ള അധികാരം | ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ അതിനു പുറത്തോ ഉള്ള ഭൂമിയോ കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് എന്തെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനുവേണ്ടി ആർജ്ജിക്കുകയോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കയ്യൊഴിക്കുകയോ ചെയ്യാവുന്നതാണ്. (കെ.എം. ആക്ട്, 1994-ലെ വകുപ്പ് 215) |
| 6 | ചില ബൈലാകൾക്ക് മുൻകാലപ്രാബല്യം നൽകുന്നതിനുള്ള അധികാരം | കൗൺസിലിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിക്കും ഈ അദ്ധ്യായത്തിൽ ഇതിനുശേഷം അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കും വിധേയമായി, മുൻകാല പ്രാബല്യത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. (കെ.എം. ആക്ട്, 1994-ലെ വകുപ്പ് 568) |
| 7 | ബൈലാകളോ റെഗുലേഷനുകളോ സ്ഥിരീകരിക്കൽ | ഏതെങ്കിലും ബൈലായോ, റെഗുലേഷനോ, അവയുടെ റദ്ദാക്കലോ, വ്യത്യാസപ്പെടുത്തലോ അത് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നതുവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല. (കെ.എം. ആക്ട്, 1994-ലെ വകുപ്പ് 572) |

(*സ്രോതസ്സ്: കെ.എം. ആക്ട്, 1994*)

## അനുബന്ധം 3.1
## തെരഞ്ഞെടുത്ത യുഎൽബികളുടെ ഖരമാലിന്യനിർമ്മാർജനത്തിന്റെ വിശദാംശങ്ങൾ
*(സൂചിക: ഖണ്ഡിക 3.2.1)*

| നഗര തദ്ദേശ സ്ഥാപനം | തരം | പ്രതിദിന ഉത്പാദനം (ടൺ) | കൈകാര്യം ചെയ്യാനുള്ള ശേഷി (ടൺ) | മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ശതമാനം |
|---|---|---|---|---|
| ഇരിങ്ങാലക്കുട | ജൈവമാലിന്യം | 15.50 | 9.00 | 58.06 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 3.50 | 3.50 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 1.00 | 1.00 | 100.00 |
| വടക്കാഞ്ചേരി | ജൈവമാലിന്യം | 12.00 | 2.00 | 16.67 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.00 | 5.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 3.00 | 3.00 | 100.00 |
| ചെർപ്പുളശ്ശേരി | ജൈവമാലിന്യം | വിശദാംശങ്ങൾ ലഭ്യമല്ല | | |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 2.00 | 1.00 | 50.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 1.00 | 0.50 | 50.00 |
| ഒറ്റപ്പാലം | ജൈവമാലിന്യം | 0.10 | 0.10 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.00 | 0.45 | 9.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.02 | 0.015 | 0.75 |
| പൊന്നാനി | ജൈവമാലിന്യം | 6.00 | 5.00 | 83.33 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 1.50 | 1.00 | 66.67 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.50 | 0.25 | 50.00 |
| കൊടുവള്ളി | ജൈവമാലിന്യം | 0.05 | 0.05 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.60 | 0.40 | 66.67 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.10 | 0.08 | 80.00 |
| കൽപ്പറ്റ | ജൈവമാലിന്യം | 6.00 | 6.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 3.50 | 4.00 | 114.29 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 4.00 | 4.00 | 100.00 |
| മട്ടന്നൂർ | ജൈവമാലിന്യം | 9.38 | 9.38 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.00 | 5.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.49 | 0.49 | 100.00 |

## അനുബന്ധം 3.1 (തുടരുന്നു...)

| നഗര തദ്ദേശ സ്ഥാപനം | തരം | പ്രതിദിന ഉത്പാദനം (ടൺ) | കൈകാര്യം ചെയ്യാനുള്ള ശേഷി (ടൺ) | മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ശതമാനം |
|---|---|---|---|---|
| നീലേശ്വരം | ജൈവമാലിന്യം | 4.00 | 4.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 1.00 | 1.00 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 3.00 | 0.00 | 0.00 |
| കൊച്ചി കോർപ്പറേഷൻ | ജൈവമാലിന്യം | 226.00 | 250.00 | 110.62 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 80.00 | 1.00 | 1.25 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 20.00 | 0.00 | 0.00 |
| നെടുമങ്ങാട് | ജൈവമാലിന്യം | 5.60 | 2.80 | 50.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 5.60 | 2.80 | 50.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.20 | 0.00 | 0.00 |
| കായംകുളം | ജൈവമാലിന്യം | 5.00 | 3.00 | 60.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.10 | 0.45 | 450.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.34 | 0.00 | 0.00 |
| ഹരിപ്പാട് | ജൈവമാലിന്യം | 8.30 | 4.00 | 48.19 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.25 | 0.25 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.05 | 0.05 | 100.00 |
| തിരുവല്ല | ജൈവമാലിന്യം | 5.20 | 4.00 | 76.92 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 2.00 | 0.5 | 0.25 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.45 | 0.00 | 0.00 |
| പത്തനംതിട്ട | ജൈവമാലിന്യം | 2.00 | 1.50 | 75.00 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.50 | 0.40 | 80.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.50 | 0.30 | 60.00 |

## അനുബന്ധം 3.1 (അവസാനിച്ചു.)

| നഗര തദ്ദേശ സ്ഥാപനം | തരം | പ്രതിദിന ഉത്പാദനം (ടൺ) | കൈകാര്യം ചെയ്യാനുള്ള ശേഷി (ടൺ) | മാലിന്യം കൈകാര്യം ചെയ്യുന്നതിന്റെ ശതമാനം |
|---|---|---|---|---|
| പന്തളം | ജൈവമാലിന്യം | 1.50 | 2.00 | 133.33 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 0.05 | 1.00 | 2000.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.15 | 1.00 | 666.67 |
| കട്ടപ്പന | ജൈവമാലിന്യം | 5.50 | 4.00 | 72.73 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 2.50 | 2.50 | 100.00 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 2.00 | 2.00 | 100.00 |
| കോഴിക്കോട് കോർപ്പറേഷൻ | ജൈവമാലിന്യം | 205.00 | 150.00 | 0.73 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 26.00 | 10.00 | 0.38 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 69.00 | 25.00 | 0.36 |
| ആലുവ | ജൈവമാലിന്യം | 10.00 | 6.00 | 0.6 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 4.00 | 4.00 | 100 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 0.00 | 0.00 | 0.00 |
| പാനൂർ | ജൈവമാലിന്യം | 13.13 | 0.6 | 0.05 |
| | പുന:ചംക്രമണം ചെയ്യാവുന്ന ജൈവേതര മാലിന്യം | 3.00 | 3.00 | 100 |
| | പുന:ചംക്രമണം ചെയ്യാനാകാത്ത ജൈവേതര മാലിന്യം | 1.38 | 1.38 | 100 |

*(സ്രോതസ്സ്: തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ നൽകിയ വിവരങ്ങൾ)*

## അനുബന്ധം 3.2
### 2015-20 കാലയളവിൽ ഖരമാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ച ഫണ്ടിന്റെയും തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ
*(സൂചിക: ഖണ്ഡിക 3.2.1)*

| യുഎൽബി | വിഹിതം | ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|
| തിരുവനന്തപുരം | 404460817 | 182672434 | 45.16 |
| കൊച്ചി | 59086897 | 4928656 | 8.34 |
| കോഴിക്കോട് | 143054509 | 29555000 | 20.66 |
| നെടുമങ്ങാട് | 32623640 | 4383940 | 13.44 |
| കായംകുളം | 87332568 | 3268772 | 3.74 |
| ഹരിപ്പാട് | 8185302 | 3536839 | 43.21 |
| തിരുവല്ല | 22916822 | 2117138 | 9.24 |
| പന്തളം | 14437672 | 1350418 | 9.35 |
| പത്തനംതിട്ട | 10102508 | 4232043 | 41.89 |
| കട്ടപ്പന | 34496497 | 6757269 | 19.59 |
| ആലുവ | 51899297 | 21245020 | 40.94 |
| ഇരിങ്ങാലക്കുട | 26770079 | 9742747 | 36.39 |
| വടക്കാഞ്ചേരി | 13264618 | 209519 | 1.58 |
| ചെർപ്പുളശ്ശേരി | 15457149 | 2052425 | 13.28 |
| ഒറ്റപ്പാലം | 38232275 | 6143697 | 16.07 |
| പൊന്നാനി | 23510375 | 1917091 | 8.15 |
| കൊടുവള്ളി | 37685732 | 952872 | 2.53 |
| കൽപ്പറ്റ | 35681688 | 9830368 | 27.55 |
| പാനൂർ | 11487500 | 337500 | 2.94 |
| മട്ടന്നൂർ | 4954000 | 980000 | 19.78 |
| നീലേശ്വരം | 41424120 | 9678946 | 23.37 |

*(സ്രോതസ്സ്: തെരഞ്ഞെടുക്കപ്പെട്ട യുഎൽബികൾ നൽകിയ വിവരങ്ങൾ)*